എടരിക്കോട് ഡീസൽ നിലയത്തിന്റെ പ്രവർത്തനം

101 (3502)ശ്രീ. പി.കെ. അബ്ദുറബ്ബ് :

ശ്രീ. കെ.പി.എ. മജീദ് :

ശ്രീ. എം.കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ എടരിക്കോട് ഡീസൽ നിലയത്തിന്റെ പ്രവർത്തി ഏത് ഘട്ടത്തിലാണ്;

(ബി) ഇതിന്റെ നിർമ്മാണം കെ.ഇ.എൽ. നെ ഏൽപ്പിക്കാൻ തീരുമാനിക്കുകയുണ്ടായോ;

(സി) നിർമ്മാണം ത്വരിതപ്പെടുത്തുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ഡി) ഇതിന്റെ പ്രവർത്തി എന്നത്തേയ്ക്ക് പൂർത്തീകരിച്ച് കമ്മിഷൻ ചെയ്യാൻ കഴിയുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഈ ഡീസൽ വൈദ്യുതി നിലയം സ്ഥാപിക്കുവാനുള്ള പ്രാരംഭ പ്രവർത്തനം തുടങ്ങിയപ്പോൾ തന്നെ കേന്ദ്ര ഗവൺമെന്റ് വൈദ്യുതി ഉല്പാദനത്തിന് ഡീസൽ ഉപയോഗിക്കുന്നത് നിരോധിച്ചതുകാരണം തുടർന്നുള്ള പണികൾ നിർത്തിവച്ചു.

(ബി) ടി നിലയത്തിന്റെ നിർമ്മാണം കെ.ഇ.എൽ.നെ ഏൽപ്പിക്കാൻ തീരുമാനിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി. കെല്ലിന് ഒരു "ലെറ്റർ ഓഫ് ഇന്റന്റ്" നൽകുകയും ചെയ്തിരുന്നു.

(സി) പദ്ധതിക്കാവശ്യമായ ഡീസൽ അലോട്ടു ചെയ്തു കിട്ടുന്നതിന് സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ടുകൊണ്ടിരിക്കുകയാണ്.

(ഡി) പദ്ധതിക്കാവശ്യമായ ഡീസൽ അലോട്ടുചെയ്തു കിട്ടിയാൽ മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കാൻ കഴിയുകയുള്ളൂ.

മീറ്ററുകൾ കൃത്യമായി റീഡിംഗ് നടത്തുവാനാവശ്യമായ നടപടി

102 (3503)ശ്രീ. സി.ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ഉപഭോഗം തിട്ടപ്പെടുത്തുന്നതിന് സംസ്ഥാനത്തെ മീറ്ററുകൾ കൃത്യമായി മാസാമാസം റീഡിംഗ് നടത്തുവാനാശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ബി) സംസ്ഥാനത്ത് ആകെ എത്ര മീറ്ററുകൾ നിലവിലുണ്ട്?

ഉത്തരം

(എ) ഇപ്പോൾത്തന്നെ 10 കിലോവാട്ടിന് മുകളിൽ കണക്ടഡ് ലോഡുള്ള ഉപഭോക്താക്കൾ എല്ലാ വ്യാവസായിക ഉപഭോക്താക്കൾ, എച്ച്.റ്റി/ഇ.എച്ച്.റ്റി. ഉപഭോക്താക്കൾ എന്നീ വിഭാഗക്കാർക്ക് മീറ്റർ റീഡിംഗ്

LIBRARY ARCHIVES Kerala Legislative Assembly